REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 20-03-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ഒന്നാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിന് തെരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് വിജ്ഞാപനം പുറപ്പെടുവിക്കും. 17 സംസ്ഥാനങ്ങളിലെയും ലക്ഷ ദ്വീപ് ഉൾപ്പെടെ നാല് കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും 102 മണ്ഡലങ്ങളിലാണ് ആദ്യ ഘട്ടത്തിൽ വിധിയെഴുത്ത്.
- പൊതു തെരഞ്ഞെടുപ്പിൽ കള്ളപ്പണത്തിന്റെ സ്വാധീനം ഒഴിവാക്കുന്നതിന് സജ്ജമാണെന്ന് ആദായനികുതി വകുപ്പ്.
- പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ സ്റ്റാർട്ടപ്പ് മഹാകുംഭിനെ അഭിസംബോധന ചെയ്യും.
- ഇടുക്കി മാങ്കുളത്ത് തമിഴ്നാട്ടിൽ നിന്നെത്തിയ വിനോദ സഞ്ചാരികളുടെ വാഹനം കൊക്കയിലേക്ക് മറിഞ്ഞ് പിഞ്ചുകുഞ്ഞ് ഉൾപ്പടെ നാലു പേർ മരിച്ചു.
- ഇന്ത്യയുടെ ഗായത്രി ഗോപിചന്ദും ട്രീസ ജോളിയും സ്വിസ് ഓപ്പൺ ബാഡ്മിന്റൺ വനിതാ ഡബിൾസ് വിഭാഗം പ്രീക്വാർട്ടറിൽ.

## വാർത്തകൾ വിശദമായി

ലോക്സഭാ തെരഞ്ഞെടുപ്പിന് തുടക്കം കുറിച്ച് ഒന്നാംഘട്ട തെരഞ്ഞെടുപ്പ് വിജ്ഞാപനം കേന്ദ്ര തെരഞ്ഞെടുപ്പ്

കമ്മീഷൻ ഇന്ന് പുറപ്പെടുവിക്കും. 17 സംസ്ഥാനങ്ങളിലെയും നാല് കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും 102 മണ്ഡലങ്ങളിലാണ് ആദ്യ ഘട്ടത്തിൽ വിധിയെഴുത്ത്. ലക്ഷദ്വീപിലെ ഒരു മണ്ഡലവും ഇതിൽപ്പെടുന്നു.

ഡെസ്ക്ക് റിപ്പോർട്ട്

... വോയ്സ് ...

തമിഴ്നാട്ടിലെ 39 ഉം, രാജസ്ഥാനിലെ പന്ത്രണ്ടും, ഉത്തർപ്രദേശിലെ എട്ടും മധ്യപ്രദേശിലെ ആറും, ഉത്തരാഖണ്ഡ്, അസം, മഹാരാഷ്ട്ര എന്നിവിടങ്ങളിലെ അഞ്ച് വീതവും, ബിഹാറിൽ നാലും, പശ്ചിമ ബംഗാളിൽ മൂന്നും, അരുണാചൽ പ്രദേശ്, മണിപ്പൂർ, മേഘാലയ, എന്നിവിടങ്ങളിൽ രണ്ട് വീതവും മണ്ഡലങ്ങൾ ഈ ഘട്ടത്തിൽ വിധിയെഴുതും. ഛത്തീസ്ഗഢ്, മിസോറം, നാഗാലാൻഡ്, സിക്കിം, ത്രിപുര, അന്തമാൻ നിക്കോബാർ ദ്വീപുകൾ, ജമ്മു കശ്മീർ, പുതുച്ചേരി എന്നിവിടങ്ങളിൽ ഓരോ സീറ്റിലും ആദ്യഘട്ടത്തിൽ വോട്ടെടുപ്പ് നടക്കും. ബിഹാർ ഒഴികെ സംസ്ഥാനങ്ങളിൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ സമയപരിധി ഈ മാസം 27വരെയാണ്.

ബിഹാറിൽ നാമനിർദ്ദേശ പത്രിക ഈ മാസം 28 വരെ സമർപ്പിക്കാം. അടുത്തമാസം 19 നാണ് വോട്ടെടുപ്പ്.

ഏഴ് ഘട്ടങ്ങളായാണ് ലോക്സഭയിലേക്ക് വോട്ടെടുപ്പ് പൂർത്തിയാക്കുന്നത്.

വോട്ടെണ്ണൽ ജൂൺ നാലിനാണ്.

✪✪✪

മാധ്യമപ്രവർത്തകർക്ക് പോസ്റ്റൽ വോട്ട് ചെയ്യാൻ അനുമതി നൽകി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. നേരത്തെ അവശ്യ സേവന വിഭാഗത്തിൽ പ്രവർത്തിക്കുന്നവർക്ക് പോസ്റ്റൽ വോട്ടിന് അനുമതി ഉണ്ടായിരുന്നു.

✪✪✪

NCP-യിൽ ശരദ് പവാറും അജിത് പവാറും തമ്മിലെ തർക്കത്തിൽ സുപ്രീം കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു.

ലോക്സഭാ, നിയമസഭാ തെരഞ്ഞെടുപ്പുകളിൽ 'നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടി-ശരദ്ചന്ദ്ര പവാർ' എന്ന പേര് ഉപയോഗിക്കാൻ ശരദ് പവാർ വിഭാഗത്തിന് സുപ്രീം കോടതി അനുമതി നൽകി. ഈ തെരഞ്ഞെടുപ്പുകൾക്ക് കൊമ്പുവിളിക്കുന്ന മനുഷ്യൻ' ചിഹ്നം ഉപയോഗിക്കാനും അനുവാദം നൽകി.

മറ്റൊരു രാഷ്ട്രീയ പാർട്ടിക്കും ഈ ചിഹ്നം നൽകരുതെന്നും സുപ്രീംകോടതി തെരഞ്ഞെടുപ്പ് കമ്മീഷന് നിർദേശം നൽകി.

എൻസിപിയുടെ 'ക്ലോക്ക്' ചിഹ്നം ഉപയോഗിക്കുന്നത് ഇതുസംബന്ധിച്ച തർക്കത്തിൽ അന്തിമവിധിയ്ക്ക് വിധേയമായിരിക്കുമെന്നും കോടതി അറിയിച്ചു.

എൻസിപിയുടെ ഔദ്യോഗിക "ക്ലോക്ക്" ചിഹ്നം അജിത് പവാറിന്റെ ഗ്രൂപ്പിന് നൽകാൻ തെരഞ്ഞെടുപ്പ് കമ്മീഷനെടുത്ത

തീരുമാനത്തെ ചോദ്യം ചെയ്ത് ശരദ് പവാർ സമർപ്പിച്ച ഹർജിയിലാണ് നിർദ്ദേശം.

✪✪✪

സംസ്ഥാനത്ത് ഏറെ ശ്രദ്ധേയമായ തിരഞ്ഞെടുപ്പ് നടക്കുന്ന ലോക്സഭാ മണ്ഡലമാണ് കണ്ണൂർ. കരുത്തരായ സ്ഥാനാർഥികളെ മത്സരരംഗത്തിറക്കി മൂന്നു മുന്നണികളും ചൂടേറിയ പ്രചരണത്തിന് തുടക്കമിട്ടുകഴിഞ്ഞു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ

...........വോയ്സ്..............

തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കും മുൻപെ തങ്ങളുടെ സ്ഥാനാർഥികളെ പ്രഖ്യാപിച്ച് മുന്നണികൾ മണ്ഡലത്തിൽ നേരത്തെ തന്നെ പ്രചാരണത്തിന് തുടക്കമിട്ടിരുന്നു. സിറ്റിംഗ് എം.പി. കെ.സുധാകരൻ ആണ് യു.ഡി.എഫിന്റെ സ്ഥാനാർഥി. സി.പി.ഐ.എം. ജില്ലാ സെക്രട്ടറി ആയിരുന്ന എം.വി ജയരാജൻ എൽ.ഡി. എഫ് സ്ഥാനാർഥിയായും ബി.ജെ.പി.ദേശീയ സമിതി അംഗം സി.രഘുനാഥ് എൻ.ഡി.എ.സ്ഥാനാർഥിയായും മത്സരിക്കുന്നു. വേനൽ ചൂട് വകവെക്കാതെ മണ്ഡലത്തിലെ മിക്കയിടങ്ങളിലും സ്ഥാനാർഥികളുടെ പ്രചാരണം സജീവമാണ്. റോഡ് ഷോകൾ നടത്തിയും വ്യാപാര വാണിജ്യ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും കയറിയിറങ്ങിയും സ്ഥാനാർഥികളുടെ ഒന്നാം ഘട്ട പ്രചരണം അവസാന ഘട്ടത്തിലാണ്. പത്രിക സമർപ്പണം പൂർത്തിയാവുന്നതോടെ സ്ഥാനാർഥി പട്ടിക വ്യക്തമാകും. വരും ദിവസങ്ങളിൽ ഓരോ

മുന്നണികളുടെയും ദേശീയ സംസ്ഥാന നേതാക്കൾ കണ്ണൂരിൽ എത്തുന്നതോടെ മണ്ഡലത്തിലെ തിരഞ്ഞെടുപ്പിന് വീറും വാശിയും ഏറും.

✪✪✪

പാലക്കാട്ട് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ റോഡ് ഷോയുമായി ബന്ധപ്പെട്ടു വ്യാജപ്രചാരണത്തിന് പിന്നിൽ BJP വിരുദ്ധ ഗൂഢാലോചനയാണെന്ന് മലപ്പുറം ലോക്സഭാ മണ്ഡലം NDA സ്ഥാനാർത്ഥി ഡോ. എം. അബ്ദുൾ സലാം പറഞ്ഞു. മോദിയുടെ റോഡ് ഷോയ്ക്ക് ഒപ്പം ആരെല്ലാം ഉണ്ടാകണമെന്ന് ഒരാഴ്ച്ച മുമ്പു തന്നെ തീരുമാനിച്ചതാണെന്ന് അദ്ദേഹം പറഞ്ഞു. മോദിയോടൊപ്പം റോഡ്ഷോയ്ക്ക് തന്നെ വിളിച്ചിരുന്നില്ലെന്നും പാലക്കാട് പോയത് മോദിയെ സ്വീകരിക്കാനായിരുന്നെന്നും അദ്ദേഹം വ്യക്തമാക്കി.

✪✪✪

പൊതു തെരഞ്ഞെടുപ്പിൽ കള്ളപ്പണത്തിന്റെ സ്വാധീനം ഒഴിവാക്കുന്നതിന് ആദായനികുതി വകുപ്പ് സജ്ജമാണെന്ന് ആദായ നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ ഡയറക്ടർ ജനറൽ ദേബ് ജ്യോതിദാസ് പറഞ്ഞു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

..........വോയ്സ്...........

കേരളത്തിലെയും ലക്ഷദ്വീപിലെയും വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും, ജില്ലാ കേന്ദ്രങ്ങളിലും 150 ഓളം പ്രത്യേക ടീമിനെ

വിന്യസിച്ചിട്ടുണ്ടെന്നും അദ്ദേഹം കൊച്ചിയിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. രണ്ട് പുതിയ ആദായ നികുതി വകുപ്പ് ഇന്റലിജൻസ് യൂണിറ്റുകൾ കോഴിക്കോടും കണ്ണൂരും ആരംഭിച്ചതായും അദ്ദേഹം പറഞ്ഞു.

കൊടകരയിൽ പണം പിടിച്ചെടുത്തതായി വിവരമില്ലന്നും, അത്തരമൊരു വിവരം ശ്രദ്ധയിൽ പോലീസ് അധികാരികൾ കൊണ്ടുവന്നിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. കൊടകര സംഭവം കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ ഉയർന്നു വന്നതാണ് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

പൊതു തെരഞ്ഞെടുപ്പിൽ കള്ളപ്പണം സംബന്ധിച്ച വിവരങ്ങൾ ആദായ നികുതി വകുപ്പിന് കൈമാറുന്നതിന് കൊച്ചിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം ആരംഭിച്ചിട്ടുണ്ട്.

✪✪✪

ലോക്സഭാ തെരെഞ്ഞെടുപ്പിൽ ഏതെങ്കിലും പ്രത്യേക സ്ഥാനാർത്ഥിക്ക് അനുകൂലമായി വോട്ട് ചെയ്യുന്നതിനായി വോട്ടർമാർക്ക് പണമോ പാരിതോഷികങ്ങളോ മദ്യമോ മറ്റു സാധനങ്ങളോ വിതരണം ചെയ്യുന്നത് തടയാൻ കൊല്ലം ജില്ലയിൽ ഫ്ളയിങ് സ്ക്വാഡ്, സ്റ്റാറ്റിക് സർവൈലൻസ് ടീം എന്നിവയെ വിന്യസിച്ചതായി ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കലക്ടർ എൻ. ദേവിദാസ് അറിയിച്ചു.

50,000 രൂപയിൽ കൂടുതൽ പണം കൈവശമുള്ളവർ യാത്രാവേളയിൽ രേഖകൾ കരുതണമെന്നും കളക്ടർ പറഞ്ഞു.

⭐⭐⭐

**കോഴിക്കോട് ജില്ലയിൽ മാതൃക പെരുമാറ്റചട്ടം നിലവിൽ വന്ന് നാല് ദിവസങ്ങൾക്കകം ചട്ട ലംഘനത്തിന്റെ ഭാഗമെന്ന് കണ്ടെത്തിയ 8,106 പോസ്റ്ററുകളും ബാനറുകളും കൊടി തോരണങ്ങളും നീക്കം ചെയ്തു. സ്വകാര്യ ഉടമസ്ഥതയിലെ 419 സ്ഥലങ്ങളിൽ അനുമതിയില്ലാതെ സ്ഥാപിച്ചവയിൽ 412 ഉം നീക്കം ചെയ്തു.**

**സി-വിജിൽ ആപ്പ് വഴി ജനങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയ 862 കേസുകളും ഇതിൽ ഉൾപ്പെടുന്നു.**

**ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ട ലംഘനം ഉൾപ്പെടെ പരാതികളും ക്രമക്കേടുകളും പൊതുജനങ്ങൾക്ക് സി-വിജിൽ ആപ്പ് വഴി അറിയിക്കാം.**

⭐⭐⭐

**ലോക്സഭ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ സിവിൽ സർവീസ് പ്രിലിമിനറി പരീക്ഷാ തിയതി നീട്ടി. മെയ് 26ന് നടത്താനിരുന്ന പരീക്ഷ ജൂൺ 16-ലേക്ക് മാറ്റിയതായി UPSC അറിയിച്ചു.**

⭐⭐⭐

**പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ സ്റ്റാർട്ടപ്പ് മഹാകുംഭിനെ അഭിസംബോധന ചെയ്യും. സ്റ്റാർട്ടപ്പ് രംഗത്തെ പങ്കാളികളെയും വളർന്നുവരുന്ന സംരംഭകരെയും നൂതനാശയ വക്താക്കളെയും ഒരുമിച്ചുകൊണ്ടുവരുന്ന വേദിയാണ് സ്റ്റാർട്ടപ്പ് മഹാകുംഭെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമ കുറിപ്പിൽ പറഞ്ഞു.**

നിർമിതബുദ്ധി, ബിസിനസ് ടു ബിസിനസ്, കാർഷികസാങ്കേതികവിദ്യ, അതിനൂതന സാങ്കേതികവിദ്യ, കാലാവസ്ഥാ സാങ്കേതികവിദ്യ, കായിക-സാമ്പത്തിക രംഗത്തെ സങ്കേതങ്ങൾ തുടങ്ങി വിവിധ മേഖലകളുമായി ബന്ധപ്പെട്ട പവലിയനുകൾ തിങ്കളാഴ്ച തുടങ്ങിയ പരിപാടിയുടെ ഭാഗമായി സജ്ജീകരിച്ചിട്ടുണ്ട്.

✪✪✪

ഇടുക്കി മാങ്കുളത്ത് തമിഴ്നാട്ടിൽ നിന്നെത്തിയ വിനോദ സഞ്ചാരികളുടെ വാഹനം കൊക്കയിലേക്ക് മറിഞ്ഞ് പിഞ്ചുകുഞ്ഞും വയോധികനും ഉൾപ്പടെ നാലു പേർ മരിച്ചു. പന്ത്രണ്ട് പേർക്ക് പരിക്കേറ്റു. മധുര ചിന്നമന്നൂർ സ്വദേശി ഗുണശേഖരൻ, തേനി സ്വദേശി അഭിനേഷ് മൂർത്തി, ഇദ്ദേഹത്തിന്റെ മകൻ തൻവിക് വെങ്കട്ട്, ഈറോഡ് വിശാഖ മെറ്റൽ മാർട്ട് ഉടമ പി.കെ സേതു എന്നിവരാണ് മരിച്ചത്.

മാങ്കുളം ആനക്കുളം റോഡിൽ പേമരത്ത് ഇന്നലെ വൈകീട്ട് ആയിരുന്നു അപകടമുണ്ടായത്. നിയന്ത്രണം വിട്ട വാഹനം ക്രഷ് ബാരിയേറുകൾ തകർത്ത് 200 അടിയോളം താഴ്ചയിലേക്ക് മറിയുകയായിരുന്നു.

✪✪✪

കൊല്ലത്ത് കടലിൽ കുളിക്കാനിറങ്ങി തിരയിൽപ്പെട്ട വിദ്യാർത്ഥികളെ രക്ഷിക്കുന്നതിനിടെ യുവാവ് മുങ്ങി മരിച്ചു. പുനലൂർ കാഞ്ഞിരമല നിരപ്പിൽ അൻസർ ആണ് മരിച്ചത്. പരവൂർ പൊഴിക്കര ക്ഷേത്രത്തിന്സമീപം താന്നി തീരത്തോട്

ചേർന്ന പൊഴിമുഖത്ത് കുളിക്കാനിറങ്ങി തിരയിൽപ്പെട്ട രണ്ട് വിദ്യാർത്ഥികളെ രക്ഷിക്കുന്നതിനിടെ ആയിരുന്നു അപകടം.

✪✪✪

ട്രെയിനിൽ നിന്ന് വീണ് മരിച്ച സൈനികൻ കൊല്ലം പുത്തൂർ താഴത്തുകുളക്കട സ്വദേശി അഖിൽ ബാബുവിന്റെ മൃതദേഹം തിരുവനന്തപുരത്തെത്തിച്ചു. സംസ്കാരം ഇന്ന് രാവിലെ 11ന് സൈനിക ബഹുമതികളോടെ വീട്ടുവളപ്പിൽ നടക്കും. അവധി കഴിഞ്ഞ് ജോലി സ്ഥലത്തേക്ക് പോകവേ, ഞായറാഴ്ച മഹാരാഷ്ട്രയിലെ നവിമുംബൈ റെയിൽവേ സ്റ്റേഷനിൽ വച്ചുണ്ടായ അപകടത്തിലാണ് അഖിൽ മരിച്ചത്.

✪✪✪

കാട്ടുപന്നി ബൈക്കിലിടിച്ചുണ്ടായ അപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന കൊല്ലം സ്വദേശി മരിച്ചു. കടയ്ക്കൽ മുക്കുന്നം റോഡ് വിള വീട്ടിൽ മനോജ് ആണ് മരിച്ചത്.

✪✪✪

വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് കരിങ്കല്ലുമായി പോയ ലോറിയിൽ നിന്നും കരിങ്കല്ല് തെറിച്ചുവീണ് BDS വിദ്യാർത്ഥി മരിച്ച സംഭവത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു.

സുരക്ഷാ വീഴ്ച പരിശോധിച്ച് ജില്ലാ കളക്ടറും ജില്ലാ പോലീസ് മേധാവിയും 10 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ആക്റ്റിങ് ചെയർപേഴ്സണും ജുഡീഷ്യൽ അംഗവുമായ കെ. ബൈജുനാഥ് ആവശ്യപ്പെട്ടു.

ദൃശ്യ മാധ്യമ വാർത്തയുടെ അടിസ്ഥാനത്തിലാണ് നടപടി.

✪✪✪

ഇന്ത്യയുടെ ഗായത്രി ഗോപിചന്ദും ട്രീസ ജോളിയും സ്വിസ് ഓപ്പൺ ബാഡ്മിന്റൺ വനിതാ ഡബിൾസ് വിഭാഗം പ്രീക്വാർട്ടറിൽ കടന്നു. സ്വിറ്റ്സർലൻഡിലെ ബാസലിൽ നടന്ന മത്സരത്തിൽ അമേരിക്കൻ സഖ്യത്തെയാണ് ഇവർ പരാജയപ്പെടുത്തിയത്.

പുരുഷ ഡബിൾസ് യോഗ്യതാ റൗണ്ടിൽ ഇന്ത്യൻ ജോഡിയായ ഹരിഹരൻ അംസകരുണൻ-റൂബൻ കുമാർ റെത്തിനസബപ്തി സഖ്യം യോഗ്യതാ റൗണ്ടിൽ ഫ്രഞ്ച് ജോഡിയെ പരാജയപ്പെടുത്തി.

ഇന്ന്, ഇന്ത്യയുടെ ലക്ഷ്യ സെൻ, P.V സിന്ധു, കിഡംബി ശ്രീകാന്ത്, കിരൺ ജോർജ്, പ്രിയാൻഷു രജാവത്ത്, തുടങ്ങിയ താരങ്ങൾ BWF സൂപ്പർ 300 ഇവന്റിൽ മത്സരം തുടങ്ങും.

✪✪✪

കോട്ടയം തിരുനക്കര മഹാദേവക്ഷേത്രത്തിലെ ഉൽസവത്തോടനുബന്ധിച്ചു പകൽ പൂരം ഇന്ന്.

വൈകിട്ട് അമ്പല മൈതാനിയിൽ ആരംഭിക്കുന്ന പൂരത്തിന് കിഴക്കും പടിഞ്ഞാറുമായി 11 വീതം ആനകൾ അണിനിരക്കും. കിഴക്കൂട്ട് അനിയൻമാരാരുടെ നേതൃത്വത്തിൽ എഴുപത്തഞ്ചിലേറെ കലാകാരന്മാർ പങ്കെടുക്കുന്ന പാണ്ടിമേളവുമുണ്ടാകും.

✪✪✪

കടുവയുടെ സാന്നിധ്യം കണ്ടെത്തിയ കണ്ണൂർ കേളകം പഞ്ചായത്തിലെ അടക്കാത്തോട് ടൗൺ പരിധിയിൽ പ്രഖ്യാപിച്ച നിരോധനാജ്ഞ നാളെ വൈകിട്ട് അഞ്ചു വരെ നീട്ടി.

കടുവയെ പിടികൂടാൻ കഴിയാത്ത സാഹചര്യത്തിൽ പൊതുജനങ്ങളുടെ സുരക്ഷ മുൻനിർത്തി 144 വകുപ്പ് പ്രകാരമാണ് നിരോധനാജ്ഞ.

✪✪✪

കള്ളക്കടത്ത് സ്വർണം വിമാനത്തിൽ നിന്ന് പുറത്തെത്തിക്കുന്നതിനിടെ കരിപ്പൂർ വിമാനത്താവളത്തിലെ മൂന്ന് താൽക്കാലിക ജീവനക്കാർ റവന്യൂ ഇന്റലിജൻസിന്റെ പിടിയിലായി. എയർ അറേബ്യ ശുചീകരണ തൊഴിലാളികളായ ജ്യോതിഷ്, നിഖിൽ, ആദിൽ എന്നിവരാണ് പിടിയിലായത്. യാത്രക്കാരൻ ഒളിച്ചുവച്ച 1,250 ഗ്രാം സ്വർണം പുറത്തെത്തിക്കുന്നതിനിടെയാണ് ഇവർ പിടിയിലായത്.

ആറുതവണയായി 10 കോടിയോളം രൂപയുടെ സ്വർണം ഇങ്ങനെ കള്ളക്കടത്ത് സംഘത്തിന് കൈമാറിയതായി ഇവർ ചോദ്യംചെയ്യലിൽ സമ്മതിച്ചു. പിടിയിലായവരെ കൊച്ചിയിലെ സാമ്പത്തിക കുറ്റങ്ങൾ കൈകാര്യം ചെയ്യുന്ന കോടതി റിമാൻഡ് ചെയ്തു."

✪✪✪

ജയിൽ വകുപ്പിൽ ജോലി ചെയ്യുന്ന എല്ലാ വിഭാഗം ജീവനക്കാരെയും പങ്കെടുപ്പിച്ചു കേരള പ്രിസൺ മീറ്റിന് കണ്ണൂരിൽ തുടക്കമായി. 4 വേദികളിലായി 30 ഇനങ്ങളിലായി 400 ലേറെ ജീവനക്കാർ മീറ്റിൽ പങ്കെടുക്കുന്നുണ്ട്.

**ഉത്തരമേഖല ഡി.ഐ.ജി. ബി. സുനിൽ കുമാർ മീറ്റ് ഉദ്ഘാടനം ചെയതു.**